## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം: 3102 — 03.04.2013 -ൽ മറുപടിയ്ക്ക്

### ഉപഭോക്തൃ താല്പര്യം സംരക്ഷിക്കുന്നതിന് നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. പി. സി. വിഷ്ണുനാഥ്<br>ശ്രീ. എം. എ. വാഹിദ്<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. മഞ്ഞളാംകുഴി അലി<br>നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പു മന്ത്രി |

(എ) സംസ്ഥാനത്ത് ഫ്ലാറ്റുകൾ, വില്ലകൾ, വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ എന്നിവ നിർമ്മിച്ചുനൽകുമെന്ന പരസ്യം നൽകി കരാർ ഉറപ്പിച്ച ശേഷം ഉണ്ടാകുന്ന വാഗ്ദാന ലംഘനങ്ങൾ തടയുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) ഇപ്രകാരം വാഗ്ദാന ലംഘനങ്ങൾ ഉണ്ടാകുമ്പോൾ പണം മുടക്കുന്നവരുടെ താൽപര്യം സംരക്ഷിക്കുന്നതിന് നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(സി) ഫ്ലാറ്റുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാനും കരാറിലെ വ്യവസ്ഥകൾ പാലിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത നിയമനിർമ്മാണത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് ;

(ഡി) പ്രസ്തുത നിയമനിർമ്മാണപ്രക്രിയ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

**ഉത്തരം:**

(എ), (ബി), (സി) & (ഡി) ഫ്ലാറ്റുകൾ/കെട്ടിടങ്ങൾ നിർമ്മിക്കുന്ന മേഖലയിലെ തർക്കങ്ങൾ പരിഹരിക്കുന്നതിനും, നിക്ഷേപകരുടെ താൽപര്യം സംരക്ഷിക്കുന്നതിനും അപ്പാർട്ട് മെന്റ് ഉടമസ്ഥരുടെ ആവലാതികൾ പരിഹരിക്കുന്നതിനുമുള്ള സംവിധാനമായി ക്വാസി ജുഡീഷ്യൽ അധികാരത്തോടു കൂടിയ കേരള അപ്പാർട്ട് മെന്റ് റഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള കരട് ബിൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ